بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 04.11.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## തഹ്രീക് ജദീദ് പുതുവർഷ പ്രഖ്യാപനം 2022

اَشْهَدُ اَنْ لَّاۤ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ

نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ

عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് നവംബറിലെ ആദ്യ ജുമുഅഃയാണ്. സാധാരണ രീതിയിൽ നവംബർ മാസത്തിലെ ആദ്യ ജുമുഅഃയിൽ തഹ്രീക് ജദീദിന്റെ പുതുവർഷം വിളംബരം ചെയ്യപ്പെടുന്നു; അതുപോലെ കഴിഞ്ഞ വർഷങ്ങളിലുണ്ടായ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കുറിച്ചും സ്മരിക്കപ്പെടുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഓരോ നബിയും തന്റെ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിനായി സാമ്പത്തിക ആഹ്വാനം ചെയ്തിട്ടുണ്ട്. വിശുദ്ധ ഖുർആനിലും ധനത്യാഗത്തെക്കുറിച്ച് ശ്രദ്ധചെലുത്തുകയുണ്ടായി. അല്ലാഹു തആലാ വിശദമായി പറഞ്ഞിരിക്കുന്നത്, ദീനിനുവേണ്ടി നിങ്ങൾ ചെയ്യപ്പെടുന്ന ത്യാഗങ്ങൾക്കു പകരമായി ഈ ലോകത്തും പരലോകത്തും അല്ലാഹു തആല പ്രതിഫലങ്ങൾകൊണ്ട് അനുഗ്രഹിക്കുന്നതാണ്, സൂറഃ ബഖറ 262 ൽ അല്ലാഹു അവന്റെ മാർഗത്തിൽ ചെലവഴിക്കുന്നവരുടെ ഉപമ പറയുന്നു: അല്ലാഹുവിന്റെ മാർഗത്തിൽ പ്രത്യേകമായി ചെലവ് ചെയ്യുന്നവർക്ക് അല്ലാഹു അത് കടമായി വയ്ക്കുന്നില്ല, അവർക്ക് ഈ ലോകത്തും പരലോകത്തും അനുഗ്രഹങ്ങൾ ചൊരിയുന്നു.

ഈ കാലഘട്ടത്തിൽ അല്ലാഹു തആലയുടെ ദീനിന്റെ പ്രചരണത്തിനായി നബി(സ)യുടെ സത്യദാസനെ അയച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ അനുയായികളിൽ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം, ദീനിനെ പ്രചരിപ്പിക്കുന്നതിനും തൗഹീദ് സ്ഥാപിക്കുന്നതിനും തന്റെ കടമകൾ നിർവഹിക്കുക എന്നതാണ്. ഇങ്ങനെ ആത്മാർഥതയോടുകൂടി ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും പ്രതിഫലങ്ങൾക്കും അവകാശികൾ ആയിത്തീരുന്നതാണ്. നബി കരീം(സ) അരുളുകയുണ്ടായി: നമസ്കാരം, നോമ്പ്, അല്ലാഹുവിന്റെ സ്മരണ തുടങ്ങിയവ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്യപ്പെടുന്ന ധനത്തെ ഒരുപാട് ഇരട്ടി ആയി വർധിപ്പിക്കുന്നതാണ്. (ത്യാഗങ്ങൾ നിങ്ങൾ ചെയ്യുന്നതിനോടൊപ്പം ഈ വസ്തുക്കളെല്ലാം ആവശ്യമാണ്.) ഈ ഹദീസിൽ ഒരു യഥാർഥ വിശ്വാസിയുടെ ചിത്രം വരച്ചിരിക്കുന്നത്, കേവലം സാമ്പത്തികത്യാഗം മാത്രം മതിയായതല്ല. അതിനോടൊപ്പംതന്നെ തന്റെ ആരാധനകളുടെ നിലവാരവും ഉയർത്തേണ്ടതുണ്ട്, പിന്നീട് മനുഷ്യൻ ആശ്ചര്യപ്പെട്ടുപോകുന്ന രീതിയിൽ അല്ലാഹു അനുഗ്രഹിക്കുന്നതാണ്. കേവലം ഞാൻ ഇത്ര ത്യാഗം ചെയ്തുവെന്ന കാര്യത്തിൽ സന്തോഷിക്കുകയല്ല വേണ്ടത്; മറ്റു ആരാധനകളും നിർവഹിക്കേണ്ടതാണ്.

ഹദ്റത്ത് റാബിയ ബസ്രിയുടെ പരിപൂർണ തവക്കുലിനെ പരാമർശിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് പറയുന്നു: (വീട്ടിൽ ഇരുപതോളം അതിഥികൾ എത്തിയപ്പോൾ ആകെ ഉണ്ടായിരുന്ന രണ്ട് റൊട്ടി ഏതെങ്കിലും പാവപ്പെട്ടവന് നൽകാൻ പറഞ്ഞു. കുറച്ചു കഴിഞ്ഞ് ഒരു സ്ത്രീ 20 റൊട്ടി കൊണ്ടുവന്നു.) അല്ലാഹുവിന്റെ മാർഗത്തിൽ 2 റൊട്ടി നൽകി; അതിഥികൾക്കായി 20 റൊട്ടികൾ വന്നു.

ഏതായിരുന്നാലും ഇന്ന് മതപരമായ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനായി അല്ലാഹു തആല നബീ കരീം(സ)യുടെ സത്യദാസനെ അയച്ചിരിക്കുന്നു. ജമാഅത്ത് മുഖേന ഇന്ന് ലോകത്ത് ദീനിന്റെ പ്രചാരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് എല്ലാ വർഷവും സാഹിത്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും, പള്ളികളും മിഷൻ ഹൗസുകളും നിർമ്മിക്കുന്നതിനും, മില്യൺ കണക്കിന് പൗണ്ട് ചെലവ് ചെയ്യുന്നു. വികസിത രാജ്യങ്ങളിലെ ഭൂരിഭാഗം ഫണ്ടും ആഫ്രിക്ക, ഭാരതം തുടങ്ങിയ രാഷ്ട്രങ്ങളിൽ ചെലവ് ചെയ്യുന്നു. സാമ്പത്തികമാന്ദ്യത്താൽ അവസ്ഥ മോശമായിരുന്നിട്ടും ജമാഅത്ത് അംഗങ്ങൾ ത്യാഗങ്ങളിൽ മുന്നേറിക്കൊണ്ട് ഈ ചെലവുകൾ പൂർത്തിയാക്കുന്നു എന്നത് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാണ്.

അല്ലാഹു അവർക്ക് അവന്റെ അനുഗ്രഹത്തിന്റെ കാഴ്ചകൾ കാണിക്കുന്നു. ദരിദ്ര രാഷ്ട്രങ്ങളിൽ വസിക്കുന്നവരും വികസിത രാജ്യങ്ങളിൽ വസിക്കുന്നവരുമായ എല്ലാ ത്യാഗം ചെയ്യുന്നവർക്കും അല്ലാഹു അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു.

ലൈബീരിയ, ഗാംബിയ, തൻസാനിയ ആസ്ട്രേലിയ, നൈജീരിയ, ഗിനികിനാകരി, ഇന്ത്യ തുടങ്ങി വിവിധ രാജ്യങ്ങളിലെ സ്ത്രീകളും പുരുഷന്മാരും വൃദ്ധരും കുട്ടികളും ദരിദ്രരും ധനികരുമായ വ്യത്യസ്ഥ സമൂഹങ്ങളിലും തലങ്ങളിലുമുള്ള അഹ്മദികളുടെ ധനത്യാഗത്തിന്റെ വിശ്വാസ വർധകങ്ങളായ സംഭവങ്ങൾ ഹുസൂർ തിരുമനസ്സ് വിവരിക്കുകയുണ്ടായി.

ഇന്ത്യയിലെ വക്കീൽ സാഹിബ് അറിയിക്കുന്നു, ഇവിടെ തഹ്‌രീകെ ജദീദിന്റെ സാമ്പത്തിക ത്യാഗത്തിൽ മുൻപന്തിയിലുള്ള. ഒരാളോട് ബഡ്ജറ്റിൽ വർധനവ് വരുത്താൻ പറഞ്ഞപ്പോൾ എത്ര വർധനവാണ് വരുത്തേണ്ടത് എന്ന് ചോദിക്കുകയുണ്ടായി. തങ്ങളുടെ കഴിവിനനുസരിച്ച് വർധിപ്പിച്ചാലും എന്ന് അദ്ദേഹത്തോട് പറഞ്ഞു. എന്നാൽ അദ്ദേഹം മുബല്ലിഗിനോടും കേന്ദ്ര പ്രധിനിതിയോടും എത്ര വർധിപ്പിക്കണം എന്ന് നിർബന്ധത്തോടെ ചോദിച്ചപ്പോൾ കേന്ദ്രപ്രതിനിധി, പത്ത് ലക്ഷം വർധിപ്പിക്കാൻ പറഞ്ഞു. അദ്ദേഹം ആദ്യം അഞ്ച് ലക്ഷം നൽകിയിരുന്നു. പിന്നീട് വർധിപ്പിച്ച തുകയും നൽകുകയുണ്ടായി. അദ്ദേഹം പറയുന്നു: എനിക്ക് ഒരു വീടുണ്ടായിരുന്നു; അതിന്റെ റജിസ്ട്രേഷൻ നടക്കുന്നില്ലായിരുന്നു. അതിനാൽ തന്നെ വലിയ നഷ്ടം ഉണ്ടാവും എന്ന തോന്നൽ എന്നിൽ ഉണ്ടായിരുന്നു. എന്നാൽ ചന്ദ വർധിപ്പിച്ച് ദിവസങ്ങൾക്കകം ആ തടസം നീങ്ങുകയുണ്ടായി. നഷ്ടം ഉണ്ടാവും എന്ന് വിചാരിച്ചിട്ടും അല്ലഹു അതിൽ നിന്നും സംരക്ഷിക്കുകയുണ്ടായി. ദരിദ്രനായാലും ധനാർഢ്യനായാലും അല്ലാഹു അവന്റെ കടം വീട്ടുക തന്നെ ചെയ്യും. ഓരോരുത്തരിലും അവൻ അനുഗ്രഹങ്ങൾ വർഷിക്കുന്നതാണ്.

ഇന്ത്യയിൽ നിന്നുതന്നെ വക്കീൽ സാഹിബ് എഴുതുന്നു, കശ്മീർ യൂണിവേർസിറ്റിയിലെ പ്രൊഫസറായ ഡോക്ട്ടർ സാഹിബ് തന്റെ വാഗ്ദാനം പൂർത്തിയാക്കിയിരുന്നു. അതിനുശേഷം അദ്ദേഹം പറയുകയുണ്ടായി: എനിക്ക് സ്ഥാനക്കയറ്റം നൽകിക്കൊണ്ട് എന്നെ അഗ്രോണമിയിൽ ചീഫ് സൈന്റിസ്റ്റ് ആക്കിയിരിക്കുന്നു. തന്റെ വരുമാനത്തിലും ഒരുപാട് വർധനവ് വന്നിരിക്കുന്നതിനാൽ അദ്ദേഹം തന്റെ തഹ്‌രീകെ ജദീദ് ചന്ദയിലും വർധനവ് വരുത്തി.

തഹ്‌രീകെ ജദീദിന്റെ 88 ാമത്തെ ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആഗോള അഹ്മദിയ്യാ ജമാഅത്തിന് 16.4 മില്യൺ പൗണ്ടിന്റെ സാമ്പത്തികത്യാഗം ചെയ്യാൻ തൗഫീഖ് ലഭിച്ചിരിക്കുന്നു. ലോകത്ത് അതിശീഘ്രം വഷളായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സാഹചര്യങ്ങൾക്കിടയിലും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം 1.1 മില്യൺ അധികമാണ് വരവ്. ഈ വർഷവും ജർമ്മനിയാണ് ലോകത്ത് ഒന്നാം സ്ഥാനത്ത്. ദൈവാനുഗ്രഹത്താൽ പാക്കിസ്ഥാനും ഒരുപാട് ത്യാഗങ്ങൾ ചെയ്തിട്ടുണ്ട്, എന്നാൽ അവിടത്തെ സാമ്പത്തിക സ്ഥിതി വളരെ മോശമാണ്. രൂപയുടെ മൂല്യത്തകർച്ചയെത്തുടർന്ന് അവർ പിന്നോക്കം പോയിരിക്കുകയാണ്. ത്യാഗങ്ങളിൽ അവർ മുൻപന്തിയിൽ തന്നെയാണ്. ജർമ്മനി മുന്നിലാണെങ്കിലും പ്രാദേശിക കറൻസിയുടെ അടിസ്ഥാനത്തിൽ അവരിൽ കുറവുണ്ട്. യു.കെ.യിലും യു.എസിലും അവർ വളരുന്ന രീതിയിൽ വളർന്നാൽ അവർക്ക് ജർമ്മനിയെ മറികടക്കാനാകും. അതുപോലെ, കാനഡ, ഓസ്ട്രേലിയ, ഇന്ത്യ, ഘാന എന്നിവിടങ്ങളിൽ ചന്ദയിൽ നല്ല വർധനവ് ഉണ്ട്.

നെതർലാൻഡ്സ്, ഫ്രാൻസ്, സ്വീഡൻ, ജോർജിയ, നോർവേ, ബെൽജിയം, ബർമ്മ, മലേഷ്യ, ന്യൂസിലാൻഡ്, ബംഗ്ലാദേശ്, കിർഗിസ്ഥാൻ, ഖസാക്കിസ്ഥാൻ, ടാരിസ്ഥാൻ, ഫിലിപ്പീൻസ്, മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത് എന്നിവ പ്രകടനത്തിന്റെ കാര്യത്തിൽ ശ്രദ്ധേയമായ ജമാഅത്തുകളാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽ പിരിവിന്റെ അടിസ്ഥാനത്തിൽ ഘാന ഒന്നാം സ്ഥാനത്താണ്. തുടർന്ന് മൊറീഷ്യസ്, നൈജീരിയ, ബുർക്കിനോ ഫാസോ, ടാൻസാനിയ, ഗാംബിയ, ലൈബീരിയ, ഉഗാണ്ട, സിയറാലിയോൺ, ബെനിൻ എന്നിവയാണ്.

ആളോഹരി പിരിവിന്റെ അടിസ്ഥാനത്തിൽ അമേരിക്കയും ബ്രിട്ടനും ഓസ്ട്രേലിയയും ആണ് മുന്നിൽ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആകെ പതിനഞ്ചു ലക്ഷത്തി തൊണ്ണൂറ്റിനാലായിരം ആളുകളാണ് ഇതിൽ ഭാഗഭാക്കായത്.

ആഫ്രിക്കൻ രാജ്യങ്ങളിൽ എണ്ണം വർധിപ്പിക്കുന്ന കാര്യത്തിൽ നൈജീരിയ ഒന്നാം സ്ഥാനത്താണ്, തുടർന്ന് ബിസാവു, കോംഗോബ്രാസ്വീൽ, ഗിനികിനാകിരി, ടാൻസാനിയ, കോംഗോ കിൻഷാസ, ഗാംബിയ, കാമറൂൺ, ഐവറികോസ്റ്റ്, നൈജർ, സെനഗൽ, ബുർക്കിനോഫാസോ. ദഫ്തർ അവ്വലിന്റെ ലഢ്ജറും അല്ലാഹുവിന്റെ അനുഗ്രഹത്താൽ സജീവമാണ്.

ധനത്യാഗത്തിൽ ഇന്ത്യയിലെ പത്ത് ജമാഅത്തുകൾ: കോയമ്പത്തൂർ, ഖാദിയാൻ, ഹൈദരാബാദ്, കരുളായി, പത്തപ്പിരിയം, കോഴിക്കോട്, ബാംഗ്ലൂർ, മേലെപ്പാളയം, കൽക്കത്ത, കേരംഗ്. ഇന്ത്യയിലെ 10 സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്ത് കേരളം പിന്നെ തമിഴ്നാട്, കർണാടക, ജമ്മുകാശ്മീർ, തെലുങ്കാന, ഒഡീഷ, പഞ്ചാബ്, ബംഗാൾ, ഡൽഹി, മഹാരാഷ്ട്ര എന്നിവയാണ്.

സാമ്പത്തിക ത്യാഗം ചെയ്യുന്ന എല്ലാവരുടേയും സമ്പത്തിലും ജീവിതത്തിലും സർവ്വശക്തനായ അല്ലഹു അനുഗ്രഹിക്കട്ടെ.

യുകെ ജമാഅത്ത്, ബ്രിട്ടനിലെ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ട് ഒരു വെബ്സൈറ്റ് ആരംഭിച്ചിരിക്കുന്നു. ഈ വെബ്സൈറ്റ് പാശ്ചാത്യ രാജ്യങ്ങളിൽ വാഗ്ദത്ത മസീഹിന്റെ സന്മാർഗ പ്രചാരണ പൂർത്തി വരുത്തിയ കാര്യങ്ങളെക്കുറിച്ചുള്ള ഗവേഷണപരമായ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1913 ൽ ചൗധരി ഫത്ഹേ മുഹമ്മദ് സിയാൽ സാഹിബ് ഇവിടെ വന്നതാണ് യുകെയിലെ ജമാഅത്തിന്റെ തുടക്കമായി കണക്കാക്കുന്നത്. അദ്ദേഹം ബ്രിട്ടനിലും യൂറോപ്പിലെ മറ്റ് രാജ്യങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുജദ്ദിദ് വാദത്തിന്റെ സമയത്ത് തന്നെ സന്ദേശം എത്തിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്യായപൂർത്തിക്കുവേണ്ടി ഒരു കത്തും ഇംഗ്ലീഷിലുള്ള വിളമ്പരവും തയ്യാറാക്കി എണ്ണായിരം കോപ്പി അച്ചടിച്ചു ഇന്ത്യയിലെയും ഇംഗ്ലണ്ടിലെയും പ്രശസ്തരായ പുരോഹിതന്മാർക്കും വിവിധ സമൂഹങ്ങളുടെ നേതാക്കൾക്കുമായി ആ സമയത്ത് സാധ്യമാകുന്നത്രയും അയച്ചിരുന്നു. 1885 ൽ യു.കെ.യിലെ ചാൾസ് ബ്രാഡ്‌ലോ എന്ന നിരീശ്വരവാദിയായ രാഷ്ട്രീയക്കാരന് മസീഹ് മൗഊദ്(അ)ന്റെ ക്ഷണം ലഭിച്ചത് ഇതിന് ഉദാഹരണമാണ്. പ്രാദേശിക പത്രങ്ങളിലൊന്നായ കോർകോൺസ്റ്റിറ്റ്യൂഷൻ 1885 ജൂൺ 8 ലെ ലക്കത്തിൽ ഇത് പരാമർശിച്ചിട്ടുണ്ട്. ഈ രീതിയിൽ, തിയോസഫിസ്റ്റ് സൊസൈറ്റിയുടെ സ്ഥാപകരിലൊരാളായ ഹെൻറി സ്റ്റീൽ ആർക്കോട്ടിനും 1886 ൽ ഈ ക്ഷണം ലഭിച്ചു. അദ്ദേഹം തന്റെ പത്രമായ ദി തിയോസഫിസ്റ്റിന്റെ 1886 സെപ്തംബർ ലക്കത്തിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്.

ഈ വെബ്സൈറ്റിൽ, ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ)ന്റെ അനുഗ്രഹീത കാലഘട്ടത്തെക്കുറിച്ച് ഒരു ടൈംലൈൻ തയ്യാറാക്കിയിട്ടുണ്ട്, അതിൽ പാശ്ചാത്യരിൽ സത്യസന്ദേശത്തെ അടിസ്ഥാനമാക്കിയുള്ള വസ്തുതകൾ വിവരിച്ചിട്ടുണ്ട്. കൂടാതെ, pioneer missionaries എന്ന പേരിൽ മറ്റൊരു ടൈംലൈൻ തയ്യാറാക്കിയിട്ടുണ്ട്, അതിൽ വാഗ്ദത്ത മസീഹ് മൗഊദ്(അ)ന്റെ സ്വഹാബികൾ ഉൾപ്പെടെയുള്ള ആദ്യകാല മുബല്ലിഗുമാരെ പരിചയപ്പെടുത്തുകയും അവരുടെ സേവനങ്ങളെ പരാമർശിക്കുകയും ചെയ്യുന്നുണ്ട്.

വാഗ്ദത്ത മസീഹ് മൗഊദ്(അ) പാതിരി പഗറ്റിനെ സംബന്ധിച്ച് ചെയ്ത പ്രവചനത്തെക്കുറിച്ചുള്ള വിശദമായ ഗവേഷണം എല്ലാ അവലംബങ്ങളോടുംകൂടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുപോലെ ചരിത്രത്തെ അടിസ്ഥാനമാക്കി കൂടുതൽ ഗവേഷണ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് യുവതലമുറയ്ക്ക് അവരുടെയും അവരുടെ പൂർവ്വികരും ഈ രാജ്യങ്ങളിൽ വന്നതിന്റെ യഥാർഥ ഉദ്ദേശ്യം എന്താണെന്ന് വ്യക്തമാക്കുന്നതാണ്. **history.ahmadiyya.uk** എന്ന ഈ വെബ്സൈറ്റ് ഇന്ന് മുതൽ ആരംഭിക്കുന്നതാണ്. ഇത് ആരംഭിച്ചിരുന്നു എങ്കിലും ഇന്ന് അതിന്റെ ഔപചാരികമായ ഉദ്ഘാടനം ചെയ്യാൻ ഇവർ ആഗ്രഹിക്കുന്നു.

അല്ലാഹു നമുക്കും മറ്റുള്ളവർക്കും ഇതിനെ ഉപകാരപ്രദമാക്കട്ടെ.

اَلْحَمْدُ لِلّٰہِ نَحمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُوْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوْا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis (atba)**

at Masjid Mubaarack U.K. – on 11.04.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**